**GAZETTE DATE : 15.12.2025**
**LAST DATE : 14.01.2026**

# CATEGORY NO: 603/2025

## FIRST NCA NOTIFICATION

Applications are invited online only by One Time Registration facility exclusively from the qualified candidates belonging to **Scheduled Caste** Community of Kerala State for appointment to the under mentioned post.

1. **Department** : **Health Services**

2. **Name of Post** : **Motor Mechanic**

3. **Scale of pay** : **₹ 26,500 – 60,700/-**

4. **No. of vacancies** : **District wise**

| Community | District | Vacancy |
|---|---|---|
| Scheduled Caste | Pathanamthitta | 01 (One) |
| | Kannur | 01 (One) |

**Notes** :

(i) Candidates shall apply online only by One Time Registration on www.keralapsc.gov.in. Applications submitted in any other manner will be summarily rejected.

(ii) Applications submitted by candidates belonging to the community other than that notified will be summarily rejected. No rejection memo will be issued.

(iii) A Ranked list will be prepared for the above community for Pathanamthitta and Kannur districts in pursuance of this notification. NCA Ranked List thus prepared and published shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to the paucity of candidates during the currency of the Ranked List published for the post in the Districts.

| Name of District | Date of Publication of Ranked List | Category Number |
|---|---|---|
| Pathanamthitta | 20.03.2024 | 398/2020 |
| Kannur | 26.03.2024 | |

(iv) The candidates belonging to above mentioned reservation communities shall submit application for the post to any one of the above districts and shall note the name of that District against the relevant column of the online application. Applications should not be sent to more than one district. If applications are sent contrary to the above direction, and if he/she is selected his/her name will be removed from the Ranked Lists and disciplinary action will be taken against him/her.

(v) The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in GO (MS) No.154/71/PD dated 27/05/1971. A candidate advised for appointment in one District from the Ranked List prepared is not eligible for transfer to another District unless he/she completes five years continuous

service from the date of commencement of service in the former District. Even if transfer is allowed after five years, it will be subject to the rules in G.O. (MS) No.36/91/P& ARD dated 02.12.1991 for inter district transfers in same department. Candidates already in Government service holding the same post in any one District are prohibited from applying again for this post, but they can apply to higher/lower posts when notified.

5. **Method of appointment** : Direct Recruitment (From candidates belonging to Scheduled Caste community of Kerala State only)

6. **Age** : **18 - 44**, ie, candidates belonging to Scheduled Caste Community born between 02.01.1981 and 01.01.2007 (both dates included) are only eligible to apply for this post. (Including the relaxation as per Para 2(i) of the General Conditions)

**Note :-** For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 (fifty) years, Please see Para (2) of the General Condition under Part II of this notification [except para 2(i)]

7. **Qualifications** :-

1. Certificate in Automobile Engineering issued after 18 (Eighteen) months course in Industrial Training Institute with 6 months Inplant Training compulsory.

2. Two years practical experience in repairs and maintenance of Motor Vehicles in a recognised Automobile Workshop.

3. Possession of a Motor Driving Licence.

(Link)
EQUIVALENT/ HIGHER QUALIFICATION

**Note:-**

i. The experience under item 2 should be acquired after acquisition of Certificate in Automobile Engineering.

ii. Candidate should possess valid Driving Licence throughout all the stages of selection, i.e., on the last date of receipt of application, OMR/Online Test, etc.

iii. Rule 10 a (ii) of part II of KS&SSR is applicable.

iv. Candidates who claim equivalent qualification instead of qualification mentioned in the notification shall produce the relevant Government Order/ Equivalency Certificate if equivalency is mentioned in the notification to prove the equivalency at the time of verification, then only such qualification shall be treated as equivalent to the prescribed qualification concerned.

8. **The Certificate to be produced in proof of experience shall be in the form given below:**

Name of the Firm (Company/Corporation/ Government Department/Co-operative Institution etc) :

Register Number (SSI Registration, Name of firm, Registration No., Date of Registration, etc. or any other Registration with date of Registration) :

Authority which issued the registration and where registered :

<u>**CERTIFICATE OF EXPERIENCE**</u>

Issued to (here enter Name and Address) . . . . . . …. . . . . . . . . . . . . . . . . . . . . . . . . . . . . . ..
…............................................................................... . . . . . . . . . . . . . . . . . . . . . . . . . . . . . .
…............................................................................................................. This is to certify that the above mentioned person has worked/has been working in this institution (which is a recognised automobile workshop) in the repairs and maintenance of Motor Vehicles. He has Rs................per day/per mensum for a period of ........ years .............. months ........... days........... from …./...../..... to …./...../..... (from and to details are to be entered in DD/MM/YYYY format)

| | | |
|---|---|---|
| **Place :** | **Signature with Date** | |
| **Date :** | **Name** | |
| | **Designation of the issuing Authority with Name of Institution** | |

**(Office Seal)**

<u>**Declaration**</u>

Certified that Sri/Smt..........................................................mentioned in the above experience certificate has actually worked/is working in the repairs and maintenance of Motor Vehicles in the above institution during the period mentioned therein as per the entry in the above..................register (mention the name of Register) maintained by the employer as per the provision of …................................act (Name of Act/Rules to be specified)

I am the authorized person to inspect the registers kept by the employer as per the provision of the Act/Rules of the …....................................State/Central Act.

| | | |
|---|---|---|
| **Place:** | **Signature with Date** | |
| **Date :** | **Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules** | |

**(Office Seal)**

<u>**NB**</u>**:** The veracity of the experience certificate will be subjected to scrutiny and legal actions will be initiated against those who issue or produce bogus certificate.

(i) Please specify the post held or nature of assignment; casual labourer/ paid/unpaid apprentice/regular worker or temporary worker.

(ii) Candidates should upload the scanned image of the experience certificate after entering the details (ie., Certificate Number, Date, Post held, Period, Issuing Authority, Name of the Institution etc.) before submitting the application. Otherwise the application will not be accepted.

(iii) All Experience Certificates shall be duly certified by the concerned Controlling Officer/Head of Office of the Government. The genuineness of the certificate shall be subjected to verification and legal actions will be taken against those who issue and produce bogus certificates.

(iv) The certificate shall be countersigned by an Officer who has been the authorized officer to inspect the registers kept by the employer as per the provisions of the Act/Rule of the State/Central Government

9. **Mode of submitting applications**:-

**(a)** Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging in to their profile using their User-ID and password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for the post. Candidates who create new profile should upload photograph taken within 6 months from the date of registration Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the print out of the application by clicking on the link 'My applications' in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application. The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age, Community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**(b) Candidates who have AADHAAR card should add AADHAAR card as Identity Proof in their profile.**

10. **Last date of receipt of applications** : **14.01.2026 Wednesday** up to 12 midnight.

11. **Website to which applications are to be submitted:-** www.keralapsc.gov.in

12. If Written Test/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Programme itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

13. **Special Instructions to Candidates**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book the candidate shall produce a gazette notification in this regard, along with Non-creamy Layer certificate/Community certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure, 1976 shall be initiated against those candidates whose submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written / practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(**Candidates must see the General Conditions in Part II of the gazette notification for instructions regarding photo, Identity proof etc.)**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# കാറ്റഗറി നമ്പർ : 603/2025
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

താഴെ പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള **പട്ടികജാതി** സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി `ഒറ്റത്തവണ രജിസ്ട്രേഷൻ' സംവിധാനം മുഖേന അപേക്ഷകൾ ക്ഷണിക്കുന്നു.

1. **വകുപ്പ്** : **ആരോഗ്യം**
2. **ഉദ്യോഗപ്പേര്** : **മോട്ടോർ മെക്കാനിക്ക്**
3. **ശമ്പളം** : **₹ 26,500 - 60,700/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| സമുദായം | ജില്ലകൾ | ഒഴിവുകൾ |
|---|---|---|
| പട്ടികജാതി | പത്തനംതിട്ട | 01 (ഒന്ന്) |
| | കണ്ണൂർ | 01 (ഒന്ന്) |

**കുറിപ്പ്** :-

(i) അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി www.keralapsc.gov.in -ൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം പത്തനംതിട്ട, കണ്ണൂർ ജില്ലകൾക്കായി മേൽപ്പറഞ്ഞ സമുദായത്തിനായി ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം ജില്ലകളിലേയ്ക്ക് തയ്യാറാക്കപ്പെടുന്ന എൻ സി എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പത്തനംതിട്ട | 20.03.2024 | 398/2020 |
| കണ്ണൂർ | 26.03.2024 | |

(iv) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം ജില്ലകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുന്നതിന് ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്.) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം ഒരേ വകുപ്പിനുള്ളിലെ അന്തർജില്ലാ സ്ഥലംമാറ്റങ്ങളെ സംബന്ധിച്ച 02.12.1991-ലെ ജി.ഒ. (പി.) നമ്പർ 36/91/പി. & എ. ആർ.ഡി. ഉത്തരവിലെ, വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന/താഴ്ന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

കുറിപ്പ്:- ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

6 **പ്രായപരിധി** : (i) **18-44,**പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :-** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

7. **യോഗ്യതകൾ** :-

1. പതിനെട്ട് മാസത്തെ ഐ.റ്റി.ഐ. കോഴ്സിനും ആറ് മാസത്തെ നിർബന്ധിത ഇൻപ്ലാന്റ് ട്രെയിനിങ്ങിനും ശേഷം ലഭിച്ച ആട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള സർട്ടിഫിക്കറ്റ്.

2. ഒരു അംഗീകൃത ആട്ടോമൊബൈൽ വർക്ക്ഷോപ്പിൽ നിന്ന് മോട്ടോർ വാഹനങ്ങളുടെ റിപ്പയറിംഗിലും മെയിന്റനൻസിലും രണ്ട് വർഷത്തെ പ്രായോഗിക പരിചയം നേടിയിരിക്കണം.

3. മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

(Link)
EQUIVALENT/ HIGHER QUALIFICATION

**കുറിപ്പ് :**

i) യോഗ്യതയിൽ ഇനം 2 ൽ കൊടുത്തിരിക്കുന്ന തൊഴിൽ പരിചയം ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ് നേടിയതിനു ശേഷം ഉള്ളതായിരിക്കണം.

ii) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ./ഓൺലൈൻ ടെസ്റ്റ് തുടങ്ങി തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുതയുള്ള നിലവിലെ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

iv) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ്/തത്തുല്യതാ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

8. **ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം**

സ്ഥാപനത്തിന്റെ പേര് (കമ്പനി/കോർപ്പറേഷൻ/ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) :

രജിസ്റ്റർ നമ്പർ (ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :

രജിസ്റ്റർ ചെയ്ത തീയതിയും ഏത് അതോറിറ്റിയിൽ എവിടെ രജിസ്റ്റർ ചെയ്തു എന്നും :

**പരിചയ സർട്ടിഫിക്കറ്റ്**

ശ്രീ/ശ്രീമതി . . . . . . . . . . . . . . . . . . . . . . . . ( ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ (അംഗീകൃത ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്) **മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണികൾ ,പരിപാലനം എന്നിവയിൽ. ടിയാൾ** . . . . . . . . . . . . . .രൂപാ മാസ

ശമ്പളത്തിൽ/ ദിവസ ശമ്പളത്തിൽ . . . . . . . . . . . . . . . .മുതൽ. . . . . . . . . . വരെ. . . . . . . . . . . . . . (എന്നു മുതൽ എന്നുവരെ എന്നുള്ള വിവരങ്ങൾ DD/MM/YYYY എന്ന ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്) വർഷം .......................മാസം...............................ദിവസം ജോലി നോക്കിയിട്ടുണ്ട് / ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

| | |
|---|---|
| **തീയതി സഹിതമുള്ള ഒപ്പ്** | |
| **പേര്** | |
| **സർട്ടിഫിക്കറ്റ് നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്** | |

**സ്ഥലം:**

**തീയതി:**

**(ഓഫീസ് മുദ്ര)**

**<u>സാക്ഷ്യപത്രം</u>**

............. എന്ന നിയമത്തിൽ /ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥപനയുടമസ്ഥൻ /തൊഴിലുടമ നിർ ബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട................................. രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി ........................... എന്ന ജീവനക്കാരൻ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥപനത്തിൽ ജോലി ചെയ്തിരുന്നു/ചെയ്യുന്നുവെന്നും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണികൾ, പരിപാലനം എന്നിവയിൽ പ്രായോഗിക പരിചയം നേടിയിട്ടുണ്ട് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള........................................ എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനയുടമ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

| | |
|---|---|
| **തീയതി സഹിതമുള്ള ഒപ്പ്** | |
| **ചട്ട പ്രകാരം / നിയമ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര്** | |

**സ്ഥലം:**

**തീയതി:**

**(ഓഫീസ് മുദ്ര)**

**<u>കുറിപ്പ് :</u>**

i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കുക (യോജിക്കാത്ത ഇനം വെട്ടിക്കളയുക).

ii) അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തുകയും പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കപ്പെടുകയില്ല.

iii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർ ട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്തിരിക്കേണ്ടതാണ്.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനകം എടുത്ത ഫോട്ടോ അപ്ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺ ലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിയ്ക്കുശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻറെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ.

**(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

10. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 14.01.2026 ബുധനാഴ്ച** രാത്രി 12 മണി വരെ.

11. **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്: www.keralapsc.gov.in**

12. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ /ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽ കേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ പ്രോഗ്രാമിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

13. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**( ഫോട്ടോ, തിരിച്ചറിയൽ രേഖ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 – ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)**

സാജു ജോർജ്ജ്<br>
സെക്രട്ടറി<br>
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ